REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികാ സമർപ്പണം നാളെ പൂർത്തിയാകും. വോട്ടർപട്ടികയിൽ നാളെ കൂടി പുതുതായി പേരു ചേർക്കാം.**
- **ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും നീണ്ട കാലയളവ് ഭരണത്തലവനായ നേതാവ് എന്ന ബഹുമതി, പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്.**
- **റഷ്യൻ ക്രൂഡ് ഓയിലുമായി അക്വാടൈറ്റൺ എന്ന കപ്പൽ മംഗലൂരു തുറമുഖത്തെത്തി.**
- **ഇന്ന് ലോക ജലദിനം.**
- **ഒമാനിലെ മിന്നൽ പ്രളയത്തിൽ മൂന്ന് മലയാളികൾ മരിച്ചതായി റിപ്പോർട്ട്.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന് നാളെ ഒരു ദിവസം മാത്രം ബാക്കി. പത്രികാ സമർപ്പണം ആരംഭിച്ചതു മുതൽ ഇതുവരെ 607 നാമനിർദ്ദേശ പത്രിക ലഭിച്ചതായാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിലെ വിവരം. പ്രമുഖ മുന്നണി സ്ഥാനാർത്ഥികൾ ഇന്നലെ പത്രിക സമർപ്പിച്ചു. ശേഷിക്കുന്നവർ നാളെ പത്രിക നൽകും. സൂക്ഷ്മ പരിശോധന മറ്റന്നാളാണ്.

സ്ഥാനാർത്ഥികളുടെയും മുന്നണികളുടെയും പ്രചാരണപ്രവർത്തനങ്ങൾ മിക്ക മണ്ഡലങ്ങളിലും ഇന്നലെ തന്നെ ശക്തമായി. നാളെ മുതൽ പ്രചാരണം ഇനിയും ചൂടുപിടിയ്ക്കും. 17 ദിവസമാണ് പരസ്യപ്രചാരണത്തിന് ഇനി ശേഷിക്കുന്നത്.

ഇതുവരെ കാസർകോട് ജില്ലയിൽ 28 സ്ഥാനാർത്ഥികളും, കണ്ണൂരിൽ 29-ഉം, വയനാട്ടിൽ - ഏഴും, കോഴിക്കോട് ജില്ലയിൽ 39-ഉം പത്രിക ലഭിച്ചു. പാലക്കാട്ട് 56 പത്രിക ലഭിച്ചപ്പോൾ, തൃശൂരിൽ 41 പത്രികയാണ് സമർപ്പിച്ചത്. മൂന്ന് മുന്നണികളും പ്രമുഖ നേതാക്കളെ രംഗത്തിറക്കി പ്രചാരണം കൊഴുപ്പിക്കാൻ തയ്യാറായിക്കഴിഞ്ഞു.

NDA യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം ദേശീയ നേതാക്കൾ കേരളത്തിലെത്തും. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായിരിക്കും പ്രധാനമന്ത്രിയുടെ സന്ദർശനം . കേന്ദ്രമന്ത്രിമാരായ അമിത്ഷാ, നിതിൻ ഗഡ്കരി, രാജ്നാഥ് സിംഗ് എന്നിവരടക്കം പ്രമുഖരും പ്രചാരണത്തിനെത്തും. ഈ മാസം അവസാനത്തോടെ BJP ദേശീയ അധ്യക്ഷൻ നിതിൻ നബീനും സംസ്ഥാനത്തെത്തും.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ കേരളത്തിലെ തിരഞ്ഞെടുപ്പ് പര്യടനം ബുധനാഴ്ച ആരംഭിക്കും. കോഴിക്കോട്ട് തിരഞ്ഞെടുപ്പ് റാലിയോടെ ആയിരിക്കും പ്രചാരണമെന്ന് തിരഞ്ഞെടുപ്പ് പ്രചാരണ കമ്മിറ്റി അധ്യക്ഷൻ രമേശ് ചെന്നിത്തല തിരുവനന്തപുരത്ത് അറിയിച്ചു.

വൈകിട്ട് കോഴിക്കോട് ബീച്ചിലാണ് റാലി.

LDF ന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ മുതൽ ജില്ലകളിലെ പര്യടനം ആരംഭിക്കും. ഏപ്രിൽ മൂന്നു വരെ 48 കേന്ദ്രങ്ങളിൽ മുഖ്യമന്ത്രി എത്തും. CPIM ജനറൽ സെക്രട്ടറി MA ബേബി, സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, A.വിജയരാഘവൻ, പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട് എന്നിവരടക്കം പ്രമുഖരും പൊതുയോഗങ്ങളിൽ സംബന്ധിക്കും. പത്തനംതിട്ടയിലാണ് പ്രചാരണത്തിന് തുടക്കമിടുന്നത്.

✪✪✪

കേരളത്തിൽ മൂന്നാം വട്ടവും CPIM ഭരണത്തിലേക്ക് നീങ്ങുകയാണെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ കണ്ണൂരിൽ പറഞ്ഞു. വികസനത്തെ എതിർത്ത പ്രതിപക്ഷത്തിന്, വികസനത്തെ കുറിച്ച് പറയാൻ തന്നെ അർഹതയില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ടവരല്ല പാർട്ടിയെ നയിക്കുന്നതെന്നും ഗത്യന്തരമില്ലാതെയാണ് ചിലരെ പുറത്താക്കിയതെന്നും MV ഗോവിന്ദൻ വ്യക്തമാക്കി.

✪✪✪

എത്ര PR പ്രവർത്തനം കണ്ടാലും കേരളത്തിലെ ജനങ്ങൾ ഒരിക്കൽ കൂടി LDF നെ ഭരണത്തിലേറ്റില്ലെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അഭിപ്രായപ്പെട്ടു. UDF അനുകൂല തരംഗം സംസ്ഥാനത്ത് നിലനിൽക്കുന്നതായും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. തിരഞ്ഞെടുപ്പിൽ CPIM- BJP ഡീൽ നിലനിൽക്കുന്നുണ്ടെന്ന ആരോപണവും വേണുഗോപാൽ ഉന്നയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് D D ന്യൂസും തിരുവനന്തപുരം ദൂരദർശൻ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച D D ഡയലോഗിന് തിരുവനന്തപുരത്ത് തുടക്കമായി.

'കേരളം തീരുമാനിക്കുന്നു' എന്ന പേരിൽ സംഘടിപ്പിച്ച DD ഡയലോഗിൽ, MP മാരായ ഡോ.ശശി തരൂർ, ജോൺ ബ്രിട്ടാസ്, BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ, മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരൻ, തുടങ്ങിയവർ ആദ്യ സെഷനുകളിൽ അതിഥികളായി എത്തി.

ഉച്ചയ്ക്ക് ശേഷം സെഷനുകളിൽ AA റഹിം MP, CPIM നേതാവ് A സമ്പത്ത്, കോൺഗ്രസ് നേതാക്കളായ K മുരളീധരൻ, K.S ശബരീനാഥൻ , തിരുവനന്തപുരം മേയർ V.V രാജേഷ് തുടങ്ങിയവർ പങ്കെടുക്കും. രാവിലെ 9 മണിക്ക് ആരംഭിച്ച പരിപാടി വൈകിട്ട് ആറിന് സമാപിക്കും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിലെ പ്രിസൈഡിംഗ് ഓഫീസർമാർക്കും, ഫസ്റ്റ് പോളിംഗ് ഓഫീസർമാർക്കും ചൊവ്വാഴ്ച ആദ്യഘട്ട പരിശീലനം ആരംഭിക്കുമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഇവർക്ക് പോസ്റ്റൽ ബാലറ്റ് ഫോം സമർപ്പിക്കാൻ ക്രമീകരണം ഏർപ്പെടുത്തും. രണ്ടാം ഘട്ട ട്രെയിനിംഗ് കേന്ദ്രത്തിലെ വോട്ടർ ഫെസിലിറ്റേഷൻ സെന്ററിലായിരിക്കും വോട്ടിംഗ്. സെക്കന്റ്, തേർഡ് പോളിംഗ് ഓഫീസർമാരുടെ പരിശീലനം , രണ്ടാം ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ അനുവദിച്ച സമയപരിധി /നാളെ അവസാനിക്കും. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലാ ഭരണകൂടം നടപ്പിലാക്കുന്ന സ്വീപ്പ് 'ഇങ്ക് ഇറ്റ് കണ്ണൂർ' കാമ്പയിന്റെ ഭാഗമായി, പൊതു ജനപങ്കാളിത്തം ഉറപ്പാക്കുന്ന പരിപാടികൾ, വൈകിട്ട് പയ്യാമ്പലം ബീച്ചിൽ ആരംഭിക്കും. ദീപശിഖ തെളിയിക്കൽ, മണൽ ശിൽപം ഒരുക്കൽ, ഫ്ളാഷ് മോബ് എന്നിവ ഉണ്ടാവും.

✪✪✪

തെരഞ്ഞെടുപ്പ് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി കോഴിക്കോട് ഈങ്ങാപുഴയിൽ നിന്ന് 1,590 ലിറ്റർ വാഷ് പിടികൂടി. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജിമ്മി ജോസഫിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് വാഷ് കണ്ടെത്തിയത്.

✪✪✪

കൊടുവള്ളി മുൻ MLA കാരാട്ട് റസാഖ്, മുസ്ലിം ലീഗിൽ ചേർന്നു. പാണക്കാട്ടെത്തി സാദിഖലി ശിഹാബ് തങ്ങളിൽ നിന്നും കാരാട്ട് റസാഖ് അംഗത്വം സ്വീകരിച്ചു. കൊടുവള്ളിയിലെ UDF സ്ഥാനാർത്ഥി P.K ഫിറോസ്, M.K മുനീർ എന്നിവർക്കൊപ്പമാണ് കാരാട്ട് റസാഖ്, പാണക്കാട്ട് എത്തിയത്.

✪✪✪

ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും നീണ്ട കാലയളവ് ഭരണത്തലവനായ നേതാവ് എന്ന ബഹുമതി, പ്രധാനമന്ത്രി നരേന്ദ്രമോദി സ്വന്തമാക്കി. ഗുജറാത്ത് മുഖ്യമന്ത്രി സ്ഥാനവും, പ്രധാനമന്ത്രി സ്ഥാനവും ചേരുമ്പോൾ 8,931 ദിവസം ഗവൺമെന്റിനെ നയിച്ച നേതാവെന്ന ബഹുമതിയ്ക്കാണ് അദ്ദേഹം അർഹനായത്. നേതൃസ്ഥാനത്ത് 25 വർഷമെന്ന റെക്കോർഡിലേക്ക് നരേന്ദ്രമോദി നീങ്ങുകയാണ്. 2001 ഒക്ടോബർ ഏഴു മുതൽ 2014 മെയ് 21 വരെ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം, 2014 മെയ് 26 ന് പ്രധാനമന്ത്രി പദത്തിലെത്തി.

നേരത്തെ സിക്കിം മുഖ്യമന്ത്രിയായിരുന്ന പവൻ കുമാർ ചാംലിങ് ആയിരുന്നു 8,930 ദിവസം ഭരണത്തലവനായി ആദ്യസ്ഥാനത്ത് ഉണ്ടായിരുന്നത്.

✪✪✪

സിവിലിയൻ കേന്ദ്രങ്ങൾക്കും പ്രധാന അടിസ്ഥാന സൗകര്യ മേഖലയ്ക്കും നേരെ ഇറാൻ ആക്രമണം നടത്തുന്നതിനെ G-7 രാഷ്ട്രങ്ങൾ കടുത്ത ഭാഷയിൽ അപലപിച്ചു. കാനഡ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, UK, US, യൂറോപ്യൻ യൂണിയൻ പ്രതിനിധികൾ തുടങ്ങിയവർ ഇതു സംബന്ധിച്ച സംയുക്ത പ്രസ്താവനയിൽ ഒപ്പുവെച്ചു. ഇറാന്റെ നടപടി, സമീപ രാജ്യങ്ങളെയും മേഖലയെയും ലോകത്തെ തന്നെയും വലിയ ഭീഷണിയിലേക്ക് നയിക്കുമെന്ന് പ്രസ്താവന മുന്നറിയിപ്പ് നൽകി.

✪✪✪

റഷ്യയിൽ നിന്ന് ക്രൂഡ് ഓയിലുമായി അക്വാടൈറ്റൺ എന്ന കപ്പൽ മംഗലൂരു തുറമുഖത്തെത്തി. റഷ്യയിൽ നിന്ന് എണ്ണയുമായി വരുന്നതിനിടെ, അമേരിക്കൻ ഉപരോധത്തെ തുടർന്ന് തടസ്സപ്പെട്ട കപ്പലുകൾക്ക് യാത്ര തുടരാൻ US അനുമതി ലഭിച്ചിരുന്നു. അമേരിക്കയിൽ നിന്ന് LPG യുമായി പൈക്സിസ് പയനിയർ എന്ന കപ്പലും മംഗലൂരുവിലെത്തിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക ജലദിനം. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. എല്ലാവർക്കും

ശുദ്ധ ജലവും, ശുചിത്വവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1993 ലാണ് ഐക്യരാഷ്ട്ര സംഘടന ജലദിനാചരണത്തിന് തുടക്കമിട്ടത്. സ്ത്രീകളുടെയും, പ്രാദേശിക സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ ജലസംരക്ഷണ പ്രവർത്തനം നടപ്പാക്കുകയെന്ന ഉദ്ദേശത്തോടെ, 'ജലവും ലിംഗഭേദവും' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഓരോ തുള്ളി വെള്ളവും സംരക്ഷിക്കാനും, ഉത്തരവാദിത്തപരമായ ഉപയോഗം ഉറപ്പാക്കാനും പ്രതിബദ്ധത പുലർത്തണമെന്ന് ലോക ജലദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭൂമിയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ ജലത്തിന് പ്രധാന പങ്കുണ്ടെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ലോക ജലദിനത്തിൽ, ജല സാക്ഷരത വളർത്തുന്നതിന് കണ്ണൂർ ജില്ലയിൽ ആരംഭിച്ച വാട്ടർ വളണ്ടിയർ ക്യാമ്പയിനിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ജലസഭകൾ സംഘടിപ്പിക്കും. ഉച്ച കഴിഞ്ഞ് ആറളത്ത് ജില്ലാ തല ഉദ്ഘാടനം നടക്കും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

..............( വോയ്സ്).............

✪✪✪

ഒമാനിൽ മിന്നൽ പ്രളയത്തിൽ മൂന്ന് മലയാളികൾ മരിച്ചു.. തൃത്താല സ്വദേശികളായ ഷംല, യൂസഫ്,റംല എന്നിവരാണ് മരിച്ചതായി വിവരം കിട്ടിയത്. നാലു കുട്ടികൾ ഉൾപ്പടെ ആറ് പേർ അപകടത്തിൽ നിന്ന് രക്ഷപ്പെട്ടു.

✪✪✪

ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ രണ്ടാം സെമിയിൽ ഇന്ത്യയുടെ ഇഷാറാണി ബറുവ, തായ്‌ലന്റ് താരത്തെ നേരിടും. ഫൈനലിൽ, ഈ മത്സരത്തിലെ വിജയിയെ ജാപ്പനീസ് താരം നൊസോമി ഒക്കുഹാര നേരിടും.

✪✪✪

ഇന്ത്യൻ ഓപ്പൺ - PSA സ്ക്വാഷ് ടൂർ കോപ്പർ വനിതാ സിംഗിൾസിൽ, ഇന്ത്യയുടെ അനാഹത് സിംഗ് ഫൈനലിലെത്തി. ഫൈനലിൽ ഇന്ന് ഈജിപ്ഷ്യൻ താരം ഹന മൊട്ടാസിനെ, അനാഹത് സിംഗ് നേരിടും. പുരുഷ സിംഗിൾസിൽ, ഇന്ത്യയുടെ വീർ

ചോദ്രാനി, ഫൈനലിലെത്തി. ഇന്നത്തെ ഫൈനൽ പോരാട്ടത്തിൽ വീർ ചോദ്രാനി, ഇന്ത്യയുടെ തന്നെ അഭയ് സിങ്ങിനെ നേരിടും.

✪✪✪

കോഴിക്കോട് പെരുവയൽ പഞ്ചായത്തിൽ 12 പേരിൽ കൂടി ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്തു. എല്ലാവരുടേയും ആരോഗ്യ നില തൃപ്തികരമാണെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചു.

✪✪✪

പൈങ്കുനി ഉത്രം ഉത്സവത്തിനായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. നാളെയാണ് ഉത്സവത്തിന്റെ കൊടിയേറ്റം. ഏപ്രിൽ ഒന്നിന് ഉത്സവച്ചടങ്ങുകൾ പൂർത്തിയാക്കി നട അടക്കും. വെർച്വൽ ക്യൂ ബുക്ക് ചെയ്ത് തീർഥാടകർക്ക് ദർശനം നടത്താവുന്നതാണ്.

✪✪✪

സംസ്ഥാനത്തെ മിക്ക ജില്ലകളിലും നാളെ വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. 11 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader: സബിത കെ*
*News Team: ,രജിന കെ, രാജേഷ്*
*DEO: ഷീബ*